# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2600 — 19.12.2012ൽ മറുപടിയ്ക്ക്

## തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനുള്ള പദ്ധതി

ചോദ്യം : ശ്രീ. തോമസ് ചാണ്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനുള്ള പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നിലവിലുള്ള സ്ട്രക്ച്ചറിന്റെ നവീകരണം സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകാരത്തിനായി സെൻട്രൽ വാട്ടർ കമ്മീഷന്റെ റീജിയണൽ ഓഫീസിൽ സമർപ്പിച്ചിരിയ്ക്കുകയാണ്. തണ്ണീർമുക്കം ബണ്ടിന്റെ മദ്ധ്യഭാഗത്ത് നിലവിലുള്ള മൺ ബണ്ട് മാറ്റി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) തണ്ണീർമുക്കം ബണ്ടിന്റെ കോഫർ ഡാം ഒഴിവാക്കുന്നതിനുള്ള പ്രോവിഷൻ കൂടി ഉൾപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡി. പി. ആർ. തയ്യാറാക്കി വരുന്നു. അതുമായി ബന്ധപ്പെട്ട മണ്ണു പരിശോധനയും മറ്റുമുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. തുടർ നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത രണ്ട് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(സി) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ